# CO-OPERATIVE ACADEMY OF PROFESSIONAL EDUCATION
*(Established by the Government of Kerala)*

നമ്പർ ജി - 3151/2018/കേപ്പ്/ 2400

തിരുവനന്തപുരം
തീയതി: 19/09/2018

## സർക്കുലർ

**വിഷയം: കേപ്പ്– ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കേപ്പ് ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം സംഭാവനയായി നൽകുന്നത് – സംബന്ധിച്ച്.**

**സൂചന: സ. ഉ (അച്ചടി) നമ്പർ 144/2018/ധന. തീയതി 11.09.2018.**

സംസ്ഥാനത്ത് അപ്രതീക്ഷിതമായി ഉണ്ടായ പ്രളയക്കെടുതി വരുത്തിവച്ചിട്ടുള്ള നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ പൂർവ്വസ്ഥിതി വീണ്ടെടുത്ത് നവകേരളം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എല്ലാ ജീവനക്കാരുടേയും ഒരു മാസത്തെ ശമ്പളം സംഭാവന നൽകണമെന്ന് ബഹു. മുഖ്യമന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്. 18.09.2018-ൽ കേപ്പ് ഹെഡ് ഓഫീസിൽ കൂടിയ മീറ്റിംഗിൽ കേപ്പിലെ എല്ലാ സംഘടനകളും ഐക്യകണ്ഠ്യേന ഒരു മാസത്തെ ശമ്പളം നൽകാമെന്ന് തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ കേപ്പിന്റെ കീഴിലുള്ള എല്ലാ വിഭാഗം ജീവനക്കാരിൽ നിന്നും ഒരു മാസത്തെ ശമ്പളം പിടിച്ച് കേപ്പ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ഒരു മാസത്തെ ശമ്പള തുക കണക്കാക്കേണ്ടത് 2018 സെപ്റ്റംബർ മാസത്തെ ഗ്രോസ് സാലറി അടിസ്ഥാനമാക്കിയാണ്.
2) ഒരു മാസത്തെ ആകെ ശമ്പളത്തിനു തുല്യമായ തുക പരമാവധി 10 ഗഡുക്കളായി നൽകാവുന്നതാണ്.
3) പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് ജീവനക്കാർ മുൻപ് സംഭാവന ചെയ്തിട്ടുണ്ടെങ്കിൽ ആയത് ഒരു മാസത്തെ ശമ്പളതുകയിൽ നിന്നും കുറവു വരുത്തി ബാക്കിയുള്ള തുക മാത്രം സംഭാവനയായി സ്വീകരിക്കുന്നതാണ്.
4) സംഭാവന നൽകുന്ന തുകയ്ക്ക് ഇൻകം ടാക്സ് റൂൾ 80G പ്രകാരം ഇളവിന് അർഹതയുണ്ടായിരിക്കുന്നതാണ്.
5) ജീവനക്കാർ ശമ്പളത്തിൽ നിന്നും സംഭാവനയായി നൽകുന്ന തുക 2018 സെപ്റ്റംബർ മാസത്തെശമ്പളം മുതൽ കുറവ് വരുത്തേണ്ടതാണ്.
6) ജീവനക്കാർക്ക് താൽപര്യമുള്ളപക്ഷം, ഒരു മാസത്തെ ശമ്പളം നൽകുന്നതിന് പകരമായി സെപ്റ്റബർ മാസത്തെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്ത് അവധി ശമ്പളം ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകാവുന്നതാണ്. എന്നാൽ നടപ്പു സാമ്പത്തിക വർഷം ഒരു പ്രാവശ്യം സറണ്ടർ ചെയ്ത് കഴിഞ്ഞ ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ടിൽ 30 ദിവസത്തെ അവധി അവശേഷിക്കുന്നുണ്ടെങ്കിൽ ദുരിതാശ്വാസ നിധിയിൽ അടക്കുന്നതിനുവേണ്ടി അവർക്ക് ഒരു പ്രവശ്യം കൂടെ 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെറ്റുന്നതിന് പ്രത്യോകാനുമതി നൽകുന്നു. ഇതിനുള്ള അപേക്ഷ ജീവനക്കാർ അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

7) ജീവനക്കാർക്ക് ഒരു മാസത്തെ ശമ്പളം ഒറ്റത്തവണയായി സംഭാവന ചെയ്യാവുന്നതാണ്.

8) സംഭാവന നൽകാൻ വിമുഖതയുള്ള ജീവനക്കാർ അനുബന്ധമായി നൽകിയിരിക്കുന്ന പ്രസ്ഥാവന സെപ്റ്റബർ 29 ന് മുൻപ് സ്ഥാപന മേധാവിക്ക് നൽകേണ്ടതാണ്.

9) സംഭാവനയായി ശമ്പള ബില്ലിൽ നിന്നും പിടിച്ച തുക കേപ്പ് അക്കൗണ്ടിലേക്ക് അതാത് മാസം 22-ാം തീയതിയ്ക്ക് മുൻപ് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. .

R.S. [signature]

**ഡയറക്ടർ**

1. **എല്ലാ സ്ഥാപന മേധാവികൾക്കും**
2. **കേപ്പ് ഹെഡ് ഓഫീസിലെ എല്ലാ ജീവനക്കാർക്കും**
3. **അക്കൗണ്ട്സ് സെക്ഷൻ, കേപ്പ്**

# പ്രസ്താവന

പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എന്റെ ഒരു മാസത്തെ ശമ്പളത്തിനു തുല്യമായ തുക നൽകുന്നതിന് സമ്മതമല്ലെന്ന് അറിയിക്കുന്നു.

തീയതി :

പേര്:

ഉദ്യോഗപ്പേര്:

സ്ഥലം :

ഓഫീസ്: